# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 787 08.03.2012 ൽ മറുപടിക്ക്**

**മുല്ലപ്പെരിയാർ ഡാം സംബന്ധിച്ച മുൻ സർക്കാർ എടുത്ത സമീപനം**

**ചോദ്യം**

ശ്രീ.കെ. അച്ചുതൻ:
ശ്രീ.സണ്ണി ജോസഫ്:
ശ്രീ.എ.പി. അബ്ദുള്ളക്കുട്ടി:

**മറുപടി**

ശ്രീ.പി.ജെ.ജോസഫ്
(ബഹു.ജലവിഭവവകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുല്ലപ്പെരിയാറിൽ പുതിയ അണക്കെട്ട് നിർമ്മിക്കണമെന്ന ആവശ്യത്തിൻമേൽ ഉന്നത അധികാര സമിതി അനുകൂല സമീപനം എടുത്തിട്ടുണ്ടോ; | (എ)&(ബി) ഉന്നതാധികാരസമിതിയുടെ അന്തിമ റിപ്പോർട്ട് സുപ്രീംകോടതിയിൽ ഇതുവരെ സമർപ്പിച്ചിട്ടില്ല. |
| (ബി) ഇത്തരമൊരു സമീപനത്തിന് വേണ്ടി സംസ്ഥാനം നിരത്തിയ വാദങ്ങൾ എന്തെല്ലാമായിരുന്നു; | |
| (സി) പുതിയ ഡാമിന്റെ ഉടമസ്ഥാവകാശവും നിയന്ത്രണവും മറ്റും സംബന്ധിച്ച് ഉന്നതാധികാര സമിതിയ്ക്ക് മുന്നിൽ സമർപ്പിച്ച സംസ്ഥാനത്തിന്റെ അഭിപ്രായമെന്തായിരുന്നു; | (സി) & (ഡി) പുതിയ ഡാമിന്റെ നിർമ്മാണവും, നിയന്ത്രണവും, പരിപാലനവും പൂർണ്ണമായും കേരളത്തിന്റെ ചുമതലയിലും., ജലവിതരണത്തിന് (water regulation) ഇരു സംസ്ഥാനങ്ങളുടെയും പ്രതിനിധികൾ ഉൾപ്പെട്ട സ്വതന്ത്ര സംവിധാനവും എന്ന ആശയമാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ഉന്നയിക്കുന്നത്. പുതിയ ഡാമിന്റെ നിർമ്മാണവും |
| (ഡി) ഇതു സംബന്ധിച്ച് മുൻ സർക്കാർ എടുത്ത സമീപനമെന്തായിരുന്നു ? | |

| | |
|---|---|
| | നിയന്ത്രണവും, പരിപാലനവും സംസ്ഥാനത്തിന്റെ പൂർണ്ണ ചുമതലയിലും ജലവിതരണത്തിന് ഇപ്പോൾ ശിരുവാണിയിൽ ചെയ്തിരിക്കുന്നതുപോലെ ഇരു സംസ്ഥാനങ്ങളിലെയും എൻജിനീയർ മാർ ഉൾപ്പെടുന്ന ഒരു സംവിധാനവുമാണ് മുൻ സർക്കാർ നിർദ്ദേശിച്ചിരുന്നത്. |

സെക്ഷൻ ഓഫീസർ